<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 436</u> <u>11-08-2021 - ൽ മറുപടിയ്ക്ക്</u>

<u>വാക്സിൻ സമത്വം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വാക്സിൻ സമത്വം പ്രാവർത്തികമാക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളിലും വാക്സിൻ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് പ്രധാനമാണ്. അർഹരായ എല്ലാവർക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനം എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർ സിവിസി (കോവിഡ് വാക്സിനേഷൻ സെന്ററുകൾ) വഴി സൗജന്യമായി വാക്സിൻ നൽകുന്നു. |
| (ബി) | വാക്സിൻ സമത്വം പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാനത്തിന് ആവശ്യമായ അളവിൽ വാക്സിൻ നൽകുവാൻ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കേന്ദ്രമന്ത്രാലയം അറിയിച്ചതുപോലെ, 18 വയസ്സിനു മുകളിലുള്ള ജനസംഖ്യയുടെ അനുപാതം അനുസരിച്ചാണ് സംസ്ഥാനങ്ങൾക്ക് കോവിഡ് വാക്സിൻ അനുവദിക്കുന്നത്. ആവശ്യകതയുമായി താരതമ്യപ്പെടുത്തുമ്പോൾ വാക്സിൻ വിതരണം പരിമിതമായതിനാൽ, വിവിധ വിഭാഗങ്ങളിൽ ഘട്ടം ഘട്ടമായി, കേന്ദ്രസർക്കാർ വാക്സിൻ നൽകുന്നു. താഴെ കാണിച്ചിരിക്കുന്ന ക്രമത്തിൽ വിവിധ വിഭാഗങ്ങളെ വാക്സിനേഷൻ ഡ്രൈവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. i) 2021 ജനുവരി 16 മുതൽ ആരോഗ്യ പ്രവർത്തകർ ii) 2021 ഫെബ്രുവരി 1 മുതൽ മുൻനിര പോരാളികൾ (സംസ്ഥാനത്ത് ഫെബ്രുവരി 11 മുതൽ) iii) 2021 മാർച്ച് 1 മുതൽ 60 വയസ്സിനു മുകളിലുള്ളവരും 45-59 വയസ്സിനിടയിലുള്ള മറ്റ് അനുബന്ധരോഗമുള്ളവർ iv) 2021 ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ളവർ v) 2021 മേയ് 1 മുതൽ 18 വയസ്സിന് മുകളിലുള്ളവർ (സംസ്ഥാനത്ത് 2021 മെയ് 17 മുതൽ) |
| (സി) | വാക്സിൻ സമത്വത്തിനായി സംസ്ഥാന സർക്കാർ | (സി) | ഉണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട ജനസംഖ്യ |

| | | | |
|---|---|---|---|
| | വാക്സിനേഷൻ രജിസ്ട്രേഷൻ ക്യാമ്പയിനിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | | ബിപിഎൽ ജനസംഖ്യ എന്നിവയിലെ നിരവധി പേർക്ക് ഡിജിറ്റൽ ഉപകരണങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ പ്രതിരോധ കുത്തിവയ്പ്പ് സംഘടിപ്പിക്കുന്നതിനായി സർക്കാർ "WAVE – Work Along For Vaccine Equity"എന്ന കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കാമ്പയിനിൽ വാർഡ് തലത്തിലാണ് രജിസ്ട്രേഷൻ പ്രക്രിയ നടത്തുന്നത്. ഓരോ വാർഡിലെയും യോഗ്യരായ ബിപിഎൽ/ പാർശ്വവൽക്കരിക്കപ്പെട്ട ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അതാതു വാർഡുകളിലെ ആശാ പ്രവർത്തകരാണ്. ഓരോ പ്രദേശങ്ങളിലെയും പ്രാഥമിക ആരോഗ്യ കേന്ദ്രം/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ/ അർബൻ പിഎച്ച്സി/ ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവ വഴി രജിസ്ട്രേഷൻ പ്രക്രിയ നിരീക്ഷിച്ചു വരുന്നു. കൂടാതെ, ജില്ലാ/ ബ്ലോക്ക് ടാസ്ക് ഫോഴ്സ് രജിസ്ട്രേഷന്റെ പുരോഗതി വിലയിരുത്തുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത ക്യാമ്പയിൻ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ഡി) | 2021 ജൂലൈ 31 -നകം രജിസ്ട്രേഷൻ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. രജിസ്ട്രേഷൻ പൂർത്തിയാകാത്തതിനാൽ കാമ്പെയിൻ തുടരുന്നു. |
| (ഇ) | വാക്സിനേഷനുമായി ബന്ധപ്പെട്ട് സ്പോട്ട് രജിസ്ട്രേഷന്റെ കാര്യത്തിൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. സ്പോട്ട് രജിസ്ട്രേഷൻ സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാമത്തെ ഡോസ് ലഭിക്കാത്തവർക്കും ഓൺലൈനിൽ സ്ലോട്ട് ബുക്ക് ചെയ്യാൻ കഴിയാത്ത ഗുണഭോക്താക്കൾക്കുമാണ് സ്പോട്ട് രജിസ്ട്രേഷൻ പ്രധാനമായും നൽകുന്നത്. |

സെക്ഷൻ ഓഫീസർ